**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 65** **23-01-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനതാവളത്തിന്റെ റൺവെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് വിമാനതാവളത്തിന്റെ റൺവെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ RESA വികസനപ്രവർത്തനങ്ങൾക്കായി M/s ഗവർ കൺസ്ട്രക്ഷൻ ലിമിറ്റഡിനെ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി അനുമതിയും നിർമ്മാണ അനുമതിയും ലഭ്യമാകുകയും നിർമാണപ്രവത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. RESA വികസനപ്രവർത്തനത്തിലെ പ്രധാന ഘട്ടമായ മണ്ണ് നിറയ്ക്കൽ പ്രവർത്തനം 30.12.2024 മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | റൺവെ വികസനത്തിന് ആവശ്യമായ മണ്ണ് ലഭിക്കുന്നതിന് എന്തെങ്കിലും പ്രതിസന്ധിയുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ RESA വികസനപ്രവർത്തനങ്ങൾക്കായി M/s ഗവർ കൺസ്ട്രക്ഷൻ ലിമിറ്റഡിനെ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരിസ്ഥിതി അനുമതിയും നിർമ്മാണ അനുമതിയും ലഭ്യമാകുകയും നിർമാണപ്രവത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. RESA വികസനപ്രവർത്തനത്തിലെ പ്രധാന ഘട്ടമായ മണ്ണ് നിറയ്ക്കൽ പ്രവർത്തനം 30.12.2024 മുതൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | റൺവെ വികസനമടക്കം 2047 വരെയുള്ള മാസ്റ്റർ പ്ലാനിന് ആവശ്യമായ സ്ഥലം ഏറ്റടുക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് എയർപോർട്ട് അധികൃതർ സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (സി) | ഉണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ സ്ഥലം ഏറ്റെടുത്ത് നൽകുന്നതിന് തീരുമാനിക്കുകയോ, പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ പ്രായോഗികത പരിശോധിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | 2047 ഓടുകൂടി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിനുവേണ്ടി 436 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ ലഭ്യമായത് പ്രകാരം എയർപ്പോർട്ട് അതോറിറ്റിയുടെ ടെക്നിക്കൽ ടീമും സംയുക്ത പരിശോധന നടത്തിയിരുന്നു. എന്നാൽ എയർപ്പോർട്ട് അതോറിറ്റിക്ക് മാസ്റ്റർ പ്ലാൻ പ്രകാരമുള്ള |

| | | | |
|---|---|---|---|
| | | | അതിർത്തികൾ കാണിച്ചുതരാൻ സാധിച്ചിട്ടില്ല. മാസ്റ്റർ പ്ലാൻ പ്രകാരം ഏറ്റെടുക്കേണ്ട ഭൂമിയുടെ സ്കെച്ച് പ്രകാരം ആവശ്യമുള്ള അളവുകളും അതിർത്തിയും കോഓർഡിനേറ്റുകളും കാണിച്ച് തരാൻ പരിജ്ഞാനമുള്ള എയർപ്പോർട്ട് അതോറിറ്റിയുടെ സാങ്കേതിക വിദഗ്ധർ ഉൾക്കൊള്ളുന്ന ടീമിനെ സംയുക്ത പരിശോധനയ്ക്ക് നൽകുന്നതിനുവേണ്ടി എയർപ്പോർട്ട് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. |
| (ഇ) | 2047-ൽ നടത്താൻ ഉദ്ദേശിക്കുന്ന വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാരിലേക്ക് അപേക്ഷ നൽകിയ കാരണത്താൽ പരിസര പ്രദേശത്ത് ലൈഫ് പദ്ധതിയിൽ ഉള്ള വീടുകൾ നിർമ്മിക്കുന്നതിനുള്ള നിരാക്ഷേപ സാക്ഷ്യപത്രമടക്കം വിമാനത്താവള അധികൃതർ നിരസിക്കുകയും അതേത്തുടർന്ന് നിർമ്മാണാനുമതി നൽകാൻ കൊണ്ടോട്ടി നഗരസഭക്ക് കഴിയാതെ വരുകയും ചെയ്ത സാഹചര്യമുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (എഫ്) | എങ്കിൽ സർക്കാർ ഭൂമി ഏറ്റെടുക്കാൻ തീരുമാനിക്കുന്നത് വരെ എയർപോർട്ട് അതോറിറ്റിയുടെ നിരാക്ഷേപ സാക്ഷ്യപത്രം ഇല്ലാതെതന്നെ വീട് നിർമ്മിക്കാൻ അനുമതി നൽകുന്നതിന് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എഫ്) | ശുപാർശ പരിശോധിച്ചു വരികയാണ്. |
| (ജി) | വികസനത്തിന് ഭൂമി ഏറ്റെടുത്തപ്പോൾ നഷ്ടപ്പെടുന്ന ക്രോസ് റോഡിന് പകരം പുതിയ റോഡ് നിർമ്മിക്കുന്നതിന് ഭൂമി ഏറ്റെടുക്കാനുള്ള നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ജി) | പുതിയ ക്രോസ് റോഡ് നിർമ്മിക്കുന്നതിനായി അലൈൻമെന്റ് തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്. |

സെക്ഷൻ ഓഫീസർ